**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1008** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ഓഫ്‌ലൈൻ സ്ഥലംമാറ്റ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം വകുപ്പ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഓൺലൈൻ സ്ഥലംമാറ്റ ഉത്തരവുകൾ നിലനിൽക്കെ ഡിവിഷൻ തലത്തിൽ ഓഫ് ലൈനായി സമാന്തര സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | (എ) | വനം വകുപ്പ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഓൺലൈൻ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ, സമാന്തര ഉത്തരവുകളൊന്നും തന്നെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ പുറപ്പെടുവിച്ചിട്ടില്ല. ഡിവിഷൻ തലങ്ങളിൽ പുറപ്പെടുവിച്ച ഓൺലൈൻ പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കുശേഷം ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ സ്ഥലം മാറ്റം ലഭിക്കാതിരുന്നവർക്കും, അപേക്ഷിച്ച സ്ഥലങ്ങളിൽ മാറ്റം ലഭിക്കാതെ വിദൂര സ്ഥലങ്ങളിലേയ്ക്ക് മാറ്റം ലഭിച്ചവർക്കും അവരുടെ അപേക്ഷകൾകൂടി പരിഗണിച്ചും കോടതി കേസുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായുമാണ് നിയമനാധികാരികളായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉത്തരവുകൾ പുറപ്പെടിവിച്ചിട്ടുള്ളത്. |
| (ബി) | ചട്ടവിരുദ്ധമായ ഓഫ്‌ലൈൻ ട്രാൻസ്ഫറുകൾ കർശനമായി വിലക്കിയ ഭരണവിഭാഗം മേധാവിയുടെ ഓഫീസ് ഉത്തരവ് നിലനിൽക്കെ ഓഫ്‌ലൈൻ ട്രാൻസ്ഫറിന് ഉത്തരവിട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ? | (ബി) | വനം വകുപ്പ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഓൺലൈൻ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ, സമാന്തര ഉത്തരവുകളൊന്നും തന്നെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ പുറപ്പെടുവിച്ചിട്ടില്ല. ഡിവിഷൻ തലങ്ങളിൽ പുറപ്പെടുവിച്ച ഓൺലൈൻ പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കുശേഷം ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ സ്ഥലം മാറ്റം ലഭിക്കാതിരുന്നവർക്കും, അപേക്ഷിച്ച സ്ഥലങ്ങളിൽ മാറ്റം ലഭിക്കാതെ വിദൂര സ്ഥലങ്ങളിലേയ്ക്ക് മാറ്റം ലഭിച്ചവർക്കും അവരുടെ അപേക്ഷകൾകൂടി പരിഗണിച്ചും കോടതി കേസുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായുമാണ് നിയമനാധികാരികളായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉത്തരവുകൾ പുറപ്പെടിവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ